(സി) ആശ്രിത നിയമന പദ്ധതി പരിഷ്കരിച്ചുത്തരവായിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി)വിവരം ശേഖരിച്ചുനൽകുന്നതാണ്.

(സി) ഉണ്ട്; കോടതി നിർദ്ദേശത്തിന്റെ വെളിച്ചത്തിൽ സമാശ്വാസ തൊഴിൽദാന പദ്ധതിയിൽ ചില ഭേദഗതികൾ വരുത്തിയിട്ടുണ്ട്. താഴെപ്പറയുന്നവയാണ് പ്രധാനപ്പെട്ട ഭേദഗതികൾ.

1) ആശ്രിത കുടുംബത്തിന്റെ വാർഷിക വരുമാനം 1,50,000/- രൂപയിൽ കവിയാൻ പാടില്ല.

2) ആശ്രിത വിഭാഗത്തിൽ, മരണമടഞ്ഞ സർക്കാർ ജീവനക്കാരന്റെ വിധവ/വിഭാര്യൻ, മകൻ, മകൾ, ദത്തുപുത്രൻ, ദത്തുപുത്രി എന്നിവർ മാത്രമായിരിക്കും ജോലിക്ക് അർഹർ.

3) ഈ പദ്ധതിപ്രകാരം ക്ലാസ്-3, ക്ലാസ്-4 തസ്തികകളിൽ മാത്രമേ നിയമനം ലഭിക്കുകയുള്ളൂ.

4) പ്രായപൂർത്തിയായ ആശ്രിതൻ, സർക്കാർ ജീവനക്കാരൻ മരിച്ച് രണ്ടുവർഷത്തിനുള്ളിലും പ്രായപൂർത്തിയാകാത്ത ആശ്രിതർ പ്രായപൂർത്തിയായി മൂന്നു വർഷത്തിനുള്ളിലും ജോലിക്കുവേണ്ടിയുള്ള അപേക്ഷ സമർപ്പിച്ചിരിക്കണം.

52 (52) ആശ്രിതർക്ക് നിയമനം നൽകുന്നതിനുള്ള പദ്ധതി

ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവീസിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് നിയമനം നൽകുന്ന പദ്ധതിയിൽ വരുത്തിയ ഭേദഗതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) സാങ്കേതിക യോഗ്യതയുള്ള ആശ്രിതർക്ക് യോഗ്യതയ്ക്കനുസരിച്ച് നിയമനം നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സമാശ്വാസ തൊഴിൽദാന പദ്ധതിയിൽ താഴെപ്പറയുന്ന പ്രധാനപ്പെട്ട ഭേദഗതികൾ വരുത്തി:-

1) ആശ്രിത കുടുംബത്തിന്റെ വാർഷിക വരുമാനം 1,50,000/- രൂപയിൽ കവിയാൻ പാടില്ല.

2) ആശ്രിത വിഭാഗത്തിൽ, മരണമടഞ്ഞ സർക്കാർ ജീവനക്കാരന്റെ വിധവ/വിഭാര്യൻ, മകൻ, മകൾ, ദത്തുപുത്രൻ, ദത്തുപുത്രി എന്നിവർ മാത്രമായിരിക്കും ജോലിക്ക് അർഹർ.

3) ഈ പദ്ധതിപ്രകാരം ക്ലാസ്-3, ക്ലാസ്-4 തസ്തികകളിൽ മാത്രമേ നിയമനം ലഭിക്കുകയുള്ളൂ.

4) പ്രായപൂർത്തിയായ ആശ്രിതൻ, സർക്കാർ ജീവനക്കാരൻ മരിച്ച് രണ്ടുവർഷത്തിനുള്ളിലും പ്രായപൂർത്തിയാകാത്ത ആശ്രിതർ പ്രായപൂർത്തിയായി മൂന്നു വർഷത്തിനുള്ളിലും ജോലിക്കുവേണ്ടി അപേക്ഷ സമർപ്പിച്ചിരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കോടതി നിർദ്ദേശങ്ങളുടെ വെളിച്ചത്തിലാണ് ആശ്രിത നിയമനം ക്ലാസ്-3, ക്ലാസ്-4 എന്നീ തസ്തികകളിൽ നിജപ്പെടുത്തിയിരിക്കുന്നത് എന്നതിനാൽ സാങ്കേതിക യോഗ്യതയ്ക്കനുസരിച്ച് മേൽ വിഭാഗം തസ്തികകളിലൊഴിച്ച് മറ്റു വിഭാഗം തസ്തികകളിൽ നിയമനം നൽകാൻ നിർവ്വാഹമില്ല.

53 (53) ജോലിയിൽ പ്രവേശിക്കുന്നതിനുള്ള സമയപരിധി നീട്ടിക്കൊടുത്ത കേസ്സുകൾ

ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. മുഖേന നിയമന ഉത്തരവ് ലഭിച്ചിട്ടുള്ളവർക്ക് ഉത്തരവിൽ പറഞ്ഞ തീയതിക്കുള്ളിൽ ജോലിയിൽ പ്രവേശിക്കുവാൻ സാധിക്കാതെ വരികയാണെങ്കിൽ തീയതി നീട്ടിക്കൊടുക്കാറുണ്ടോ;

(ബി) എങ്കിൽ പരമാവധി എത്ര ദിവസം വരെ നീട്ടി കൊടുക്കാറുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രത്യേക കേസ്സായി പരിഗണിച്ച് എത്രപേർക്ക് തീയതി നീട്ടിക്കൊടുത്തിട്ടുണ്ട്;

(ഡി) എത്ര ദിവസംവരെ നീട്ടിക്കൊടുത്തിട്ടുണ്ട് എന്നും ആർക്കൊക്കെയാണെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിയമനാധികാരിതലത്തിൽ പരമാവധി 45 ദിവസം വരെയും ഏതെങ്കിലും സ്റ്റഡികോഴ്സോ ട്രെയിനിംഗ് കോഴ്സോ പൂർത്തിയാക്കാൻ വേണ്ട കാലാവധിവരെ സർക്കാർ തലത്തിലും ജോലിയിൽ പ്രവേശിക്കാനുള്ള സമയം നീട്ടിക്കൊടുക്കാറുണ്ട്.

(സി)&(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

54 (54) പെൻഷൻ പറ്റിയവരുടെ കണക്ക്

ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1998-ൽ ഡിസംബർ 31 വരെ സർക്കാർ സർവ്വീസിൽ നിന്നും എത്രപേർ പെൻഷൻപറ്റി പിരിഞ്ഞു എന്ന് വെളിപ്പെടുത്തുമോ;

(ബി) 1998-ൽ പി.എസ്.സി. മുഖേന എത്രപേർക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകി എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly